അഫ്ഘാനിസ്ഥാൻ പല തുണ്ടുകളായി ചിതറിപ്പോവുകയും ഈ തുണ്ടുകൾ പാകിസ്ഥാനിലും ഈറാനിലും സോവിയററ് യൂനിയനിലെ ചില റിപ്പബ്ലിക്കുകളിലും ലയിക്കുകയുമെന്നത് അസംഭാവ്യമല്ല. അഫ്ഘാനിസ്ഥാൻ എന്ന രാഷ്ട്രം ഇല്ലാതാവുകയായിരിക്കും അതിന്റെ ഫലം.

അഫ്ഘാനിസ്ഥാനിൽ സമാധാനം പുലരുന്നതിൽ ഇന്ത്യക്ക് അഗാധമായ താല്പര്യമുണ്ട്. സ്വാതന്ത്ര്യപ്രാപ്തിമുതൽ ഇന്നോളം ഇന്ത്യയുടെ സുഹൃദ് രാഷ്ട്രമായിരുന്ന അഫ്ഘാനിസ്ഥാൻ. മദ്ധ്യേഷ്യയിൽനിന്ന് സിന്ധു ഗംഗാ സമതലത്തിലേക്കുള്ള പെരുവഴിയിൽ ചരിത്രപ്രസിദ്ധമായ ഖൈബർ ചുരത്തിനടുത്തു് ഒരു സുഹൃദ് രാഷ്ട്രത്തിന്റെ നിലനില്പ് ഇന്ത്യയുടെ ഭദ്രതയ്ക്ക് വിശ്വാസ്യമായ ഒരു വാഗ്ദാനമാകുന്നു.

ഡോ. നജീബുള്ള നേതൃത്വം വഹിക്കുന്ന പി. ഡി. പി. എ. പുരോഗമന വീക്ഷണമുള്ള ഒരു രാഷ്ട്രീയ പാർട്ടിയാണ്. ആശയപരമായും സാമ്പത്തികമായും സാങ്കേതികമായും അഫ്ഘാനിസ്ഥാനെ ആധുനികീകരിക്കുന്നതിനാണ് ഈ പാർട്ടിയുടെ സ്വാധീനത്തിലുള്ള അഫ്ഘാൻ സർക്കാർ ശ്രമിക്കുന്നതു്. ഈ സർക്കാരിനെതിരെ കലാപക്കൊടി ഉയർത്തിയിട്ടുള്ള മുജാഹിദ്ദുകൾ കടുത്ത മതമൗലിക വാദികളാണ്. അഫ്ഘാനിസ്ഥാനെ മദ്ധ്യയുഗങ്ങളിലേക്ക തിരിച്ചുകൊണ്ടു പോവുകയാണ് അവരുടെ ലക്ഷ്യം. അഫ്ഘാനിസ്ഥാനിൽ മതമൗലികവാദികളുടെ ഭരണം സ്ഥാപിതമായാൽ അതിന്റെ ദീർഘകാല ദുഷ്ഫലങ്ങൾ ഇന്ത്യയിലും അനുഭവപ്പെടാതിരിക്കുകയില്ല.

ഐക്യരാഷ്ട്രസംഘടനയുടെ സഹായത്തോടെ അഫ്ഘാൻ പ്രശ്നത്തിന് ജനാധിപത്യപരമായ പരിഹാരം കാണാനാണ് ഇന്ത്യ ശ്രമിക്കുന്നതു്. പാലസ്തീൻ നേതാവായ അരാഫാത്തിനെപ്പോലെയുള്ളവർ ഈ ശ്രമങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

11 മാർച്ച്, 1989

# 29. പാകിസ്ഥാൻ, അഫ്ഘാനിസ്ഥാൻ, ഈറാൻ

മിക്ക അയൽരാജ്യങ്ങളുമായും തൃപ്തികരമായ ബന്ധമല്ല ഇന്ത്യക്കുള്ളതു്. എന്നാൽ, പാകിസ്ഥാനുമായുള്ള ബന്ധംപോലെ അത്രയധികം വഷളാവുകയുണ്ടായിട്ടില്ല ഇന്ത്യക്ക് മറെറാരു അയൽരാജ്യത്തോടുമുള്ള ബന്ധം. ചൈനയുമായുണ്ടായ സൈനികമായ ഏററുമുട്ടലിനെ ഓർമിക്കാതെയല്ല ഇപ്പറയുന്നതു്. കാശ്മീരിന്റെ ഭാഗമായിരുന്ന വലിയൊരു പ്രദേശം ഇപ്പോഴും ചൈന കൈവശംവെച്ചുവരുന്നുണ്ടെന്ന വസ്തുതയും വിസ്മരിക്കുന്നില്ല എങ്കിലും ചൈന ഇന്ത്യക്ക് നിരന്തരമായ ഒരു തലവേദനയല്ല.

മറിച്ചാണ് പാകിസ്ഥാന്റെ സ്ഥിതി. കാശ്മീർ താഴ്‌വരയിൽ ഇന്ത്യയ്ക്കെതിരായ വിഘടനപ്രക്ഷോഭം ശക്തിപ്പെടുത്തുന്നതിന് പാകിസ്ഥാൻ സർവാത്മനാ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചാബിലെ ഖാലിസ്ഥാൻ ഉഗ്രവാദികൾക്ക് അഭയവും ആയുധപരിശീലനവും ആയുധ—ധന സഹായവും ഇപ്പോഴും നിരന്തരമായി വലിയ അളവിൽ പാകിസ്ഥാൻ നൽകിക്കൊണ്ടിരിക്കുന്നു. അത്യാധുനികങ്ങളായ കണക്കററ ആയുധശേഖരങ്ങൾ അമേരിക്കയിൽനിന്നു കടമായും സൗജന്യമായും പാകിസ്ഥാൻ വാങ്ങി സംഭരിച്ചുവരുന്നു. ഒന്നോ അധികമോ അണുബോംബുകൾ ഇതിനകം പാകിസ്ഥാൻ നിർമിച്ചിരിക്കാൻ സാദ്ധ്യതയുണ്ട്. ഇന്ത്യക്ക് എതിരായി ഉപയോഗിക്കാനല്ലെങ്കിൽ വേറെ എന്താവശ്യത്തിനാണ് പാകിസ്ഥാൻ ഇത്രയധികം ആയുധശക്തി സംഭരിക്കുന്നതെന്ന ചോദ്യം എല്ലാ ഇന്ത്യക്കാരുടെയും ഉള്ളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന

ഒന്നാണ്. കാശ്മീരിന്റെ രാഷ്ട്രീയപദവി സംബന്ധിച്ച് ഇന്ത്യയുമായുള്ള പാകിസ്ഥാന്റെ തർക്കം ഇനിയും പരിഹാരത്തിന് അടുത്തൊന്നും എത്തിയിട്ടില്ല. സമാധാനപരമായ ഒരു പരിഹാരം ഈ തർക്കത്തിന് അടുത്ത കാലത്ത് ഉണ്ടാവുമെന്ന് കടുത്ത ആശാവാദികൾപോലും വിശ്വസിക്കുന്നില്ല. പാകിസ്ഥാന്റെ സൈനിക സ്വേച്ഛാധിപതിയായിരുന്ന സിയാ ഉൽ ഹക്കിന്റെ അപമൃത്യുവിനുശേഷം മദാം ബേനസീർ ഭൂട്ടോവിന്റെ നേതൃത്വത്തിൽ ഒരു ജനാധിപത്യഗവണ്മെന്റ് അവിടെ സ്ഥാപിക്കപ്പെട്ടപ്പോൾ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ബന്ധത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കാൻ സാദ്ധ്യതയുണ്ടെന്ന പലരും കരുതുകയുണ്ടായി. പിരിമുറുക്കത്തിൽ സ്വല്പം അയവു വന്നിട്ടുണ്ടാകാമെങ്കിലും ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള തർക്കങ്ങൾ ഇപ്പോഴും പഴയപടി തുടരുകയാണ്.

സ്വാഭാവികമായിത്തന്നെ അയൽരാജ്യം ശത്രുവും അയൽരാജ്യത്തിന്റെ അയൽരാജ്യം ബന്ധുവുമായിരിക്കുമെന്ന് കൗടില്യൻ പ്രസ്താവിച്ചിട്ടുള്ളത് ഇപ്പോഴും ഏറെക്കുറെ ശരിയായിട്ടാണു കാണുന്നത്. പാകിസ്ഥാനുമായി പല തർക്കങ്ങളും നിലവിലുള്ള അഫ്ഘാനിസ്ഥാൻ സ്വതന്ത്ര ഇന്ത്യയുടെ മിത്രമായാണ് ഇന്നോളം വർത്തിച്ചിട്ടുള്ളത്. അഫ്ഘാനിസ്ഥാനിൽ ഇടതുപക്ഷ ചായ്‌വുള്ള ഒരു ജനാധിപത്യഗവണ്മെന്റ് നിലവിൽ വന്നപ്പോൾ അതിനെ അട്ടിമറിക്കാൻ അതിയാഥാസ്ഥിതികരായ ഗോത്രവർഗപ്രമാണിമാരിലൂടെ പാകിസ്ഥാനും പാകിസ്ഥാനിലൂടെ അമേരിക്കയും തീവ്രമായി പരിശ്രമിച്ചു തുടങ്ങിയതിൽ അത്ഭുതമൊന്നുമില്ല. മതമൗലികവാദികളായ ഗോത്രവർഗപ്രമാണിമാരുടെ സായുധകലാപത്തെ നേരിടുന്നതിനു ജനാധിപത്യഗവൺമെന്റിനെ സഹായിക്കുന്നതിനായി സോവിയററ് സൈന്യം നേരിട്ട് അഫ്ഘാനിസ്ഥാനിൽ ഇടപെട്ടത് തെററായ ഒരു നടപടി ആയിരുന്നു എന്ന് പിന്നീട് തെളിഞ്ഞു. ലിയനിദ് ബ്രഷ്നേവിന്റെ മരണത്തെത്തുടർന്ന് സോവിയററ് യൂനിയന്റെ നേതൃത്വം ഏറെറടുത്ത ഗോർബച്ചേവിന്റെ ആദ്യകാല നടപടികളിലൊന്ന് അഫ്ഘാനിസ്ഥാനിൽനിന്ന് സോവിയററ്സേനയെ പൂർണമായും പിൻവലിക്കുകയായിരുന്നു. സോവിയററ്സേന പിൻവാങ്ങുന്നതോടെ അഫ്ഘാനിസ്ഥാനിലെ ജനാധിപത്യഗവണ്മെന്റ് സ്വയം തകരുമെന്നും അഥവാ തകർന്നില്ലെങ്കിൽത്തന്നെ അതിനെ ആക്രമിച്ചു തകർക്കുക ലഘുസാദ്ധ്യമായിരിക്കുമെന്നുമാണ് പാകിസ്ഥാനും അമേരിക്കയും വിശ്വസിച്ചിരുന്നത്. അഫ്ഘാനിസ്ഥാനിലെ ജനാധിപത്യഗവണ്മെന്റിനെതിരെ പൊരുതിയിരുന്ന ഏഴ് 'മുജാഹിദീൻ' (മതയോദ്ധൃ) സംഘടനകളുടെ ആസ്ഥാനം പാകിസ്ഥാനിലെ പേഷാവാർ ആയിരുന്നു. അഫ്ഘാനിസ്ഥാനിൽനിന്ന് ഇറാനിലേക്ക് ഓടിപ്പോയ കലാപകാരി സംഘടനകൾ ഇവർക്കു പുറമേയാണ്. ഇവരെല്ലാം ചേർന്ന് പാകിസ്ഥാനിൽ ഒരു 'അഫ്ഘാൻ സർക്കാർ' സ്ഥാപിക്കുകയും പാക് അതിർത്തിയിലുള്ള അഫ്ഘാനിസ്ഥാനിലെ ജലാലാബാദ് പട്ടണം പിടിച്ചെടുക്കാൻ ശക്തിയേറിയ സൈനികാക്രമണങ്ങൾ തുടർച്ചയായി നടത്തുകയുമുണ്ടായി. ജയം അടുത്തെത്തിയതായി തോന്നിയപ്പോൾ അഫ്ഘാൻ മുജാഹിദീൻ സംഘടനകൾ തമ്മിൽത്തമ്മിലുള്ള വൈരുദ്ധ്യങ്ങൾ രൂക്ഷതരങ്ങളായിത്തീർന്നു. അതിനാൽ, ഒററക്കെട്ടായി ജനാധിപത്യഗവൺമെന്റിനെതിരെ ആഞ്ഞടിക്കാൻ അവർക്കു സാധിച്ചില്ല. പകരം അവർ പരസ്പരം പൊരുതി. ഡോ. നജീബുള്ളയുടെ നേതൃത്വത്തിലുള്ള അഫ്ഘാൻ ജനാധിപത്യഗവൺമെന്റ് ആകട്ടെ അതുവരെ ആരും പ്രതീക്ഷിക്കാതിരുന്നത്ര ബഹുജന–പിന്തുണയും സൈനികബലവും നയതന്ത്രചാതുര്യവും തങ്ങൾക്കുണ്ടെന്നു വെളിപ്പെടുത്തുകയും ചെയ്തു. ഇതിൻഫലമായി മുജാഹിദീൻ ഗ്രൂപ്പുകളുടെ അഫ്ഘാൻ ആക്രമണങ്ങൾ തികഞ്ഞ പരാജയമായാണ് കലാശിച്ചത്. പാകിസ്ഥാനിൽനിന്നും അഫ്ഘാനിസ്ഥാന് അകത്തുതന്നെയുള്ള ചില ഒളിസ്സങ്കേതങ്ങളിൽനിന്നും സർക്കാരിനും സാധാരണജനങ്ങൾക്കുമെതിരെ വാണങ്ങൾ ഉപയോഗിച്ചുള്ള

ആക്രമണങ്ങളും അട്ടിമറികളും ഇപ്പോഴും ചില മുജാഹിദീൻ ഗ്രൂപ്പുകൾ നടത്തിവരുന്നുണ്ട്. അവർക്ക് അമേരിക്കയും പാകിസ്ഥാനും വൻതോതിൽ ആയുധങ്ങളും പണവും നൽകിയും വരുന്നു. ഈ ധനസഹായം ഉപയോഗപ്പെടുത്തുന്ന ഒട്ടനേകം ആളുകൾ പാകിസ്ഥാനിലുണ്ട്. വല്ലപാടും ഒരു യുദ്ധം ആരംഭിച്ചാൽ അതു പലരുടെയും നിക്ഷിപ്തതാല്പര്യമായി മാറുക അസാധാരണമല്ല. തന്നെയല്ല, ലോകത്തിലെ ഏററവും വലിയ മയക്കമരുന്നുവ്യാപാരികൾ അഫ്ഘാനിസ്ഥാനിൽ കലാപം തുടർന്നുകാണുവാൻ ആഗ്രഹിക്കുന്നവരാണ്. അമേരിക്കയിലും യൂറോപ്പിലും എത്തിച്ചേരുന്ന 'ഹെറോയ്ൻ' എന്ന മയക്കമരുന്നിന്റെ അറുപതു ശതമാനവും പാകിസ്ഥാനിലും ബാക്കി നാല്പതു ശതമാനം ഈറാൻ, അഫ്ഘാനിസ്ഥാൻ എന്നീ രാജ്യങ്ങളിലുമാണ് ഉല്പാദിപ്പിക്കുന്നതെന്ന് അമേരിക്കയിലെ മയക്കമരുന്നിനെതിരായ സർക്കാർ വിഭാഗം (ഡ്രഗ് എൻഫോഴ്സ്മെൻറ് ഏജൻസി—ഡി. ഇ. എ.) പ്രസ്താവിച്ചിട്ടുണ്ട്. അഫ്ഘാനിസ്ഥാൻ, പാകിസ്ഥാൻ, ഈറാൻ എന്നീ രാജ്യങ്ങളടങ്ങിയ മയക്കമരുന്നുല്പാദന മേഖലയെ 'സ്വർണച്ചന്ദ്രക്കല' (ഗോൾഡൻ ക്രെസൻറ്) എന്നു വിളിക്കുന്നു. മയക്കമരുന്നുകച്ചവടക്കാരുടെ ഇപ്പോഴത്തെ ലോകനേതാവ് ലാഹോറിലെ ഒരു സിനിമാശാല ഉടമയായ ഹാജിമിർസ ഇക്ബാൽ ബെയ്ഗ് ആണത്രെ. ഇയാളുടെയും പരേതനായ പ്രസിഡണ്ട് സിയാ ഉൽ ഹക്കിന്റെ ഒരു സുഹൃത്തായിരുന്ന ഫസൽഹക് എന്ന റിട്ടയർചെയ്ത ലെഫ്ററനൻറ് ജനറലിനെയും (ഇയാൾ മുമ്പ് പാകിസ്ഥാനിലെ വടക്കപടിഞ്ഞാറെ അതിർത്തി സംസ്ഥാനത്തിന്റെ ഗവർണറായിരുന്നു) ഈയിടെ മയക്കമരുന്നു കള്ളക്കടത്തുകാരം ചുമത്തി പാകിസ്ഥാൻ ഗവണ്മെൻറ് അറസ്റ്റു ചെയ്യുകയുണ്ടായി. പാകിസ്ഥാനിലെ മുഖ്യപ്രതിപക്ഷമായ ഇസ്ലാമിക് ജംഹൂരി ഇത്തിഹാദിന് (ഐ. ജെ. ഐ.യ്ക്ക്) ധനസഹായം നൽകുന്നത് ഈ മയക്കമരുന്നു രാജാക്കന്മാരാണ്. ഒരു കൊല്ലത്തിൽ നാനൂറുകോടി ഡോളറോളം വിലയുള്ള മയക്കമരുന്നുകച്ചവടം ലോകത്തിൽ നടക്കുന്നുണ്ടെന്നും ഈ കച്ചവടത്തിന്റെ നാലിലൊന്നെങ്കിലും ഉദ്ഭവിക്കുന്നത് പാകിസ്ഥാനിൽനിന്നാണെന്നും 1989 ആഗസ്റ്റ് 7—ം തീയതിയിലെ 'ടൈം' വാരിക പറയുന്നു. വിപുലങ്ങളായ നാല്പതോളം മയക്കുമരുന്നു നിർമാണ—വ്യാപാരശൃംഖലകൾ പാകിസ്ഥാനിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇന്ത്യയിലേക്ക് മയക്കമരുന്നു കടത്താൻ ഇവർ മുഖ്യമായും ഉപയോഗപ്പെടുത്തുന്നത് ഖാലിസ്ഥാൻ ഉഗ്രവാദികളെയാണ്; പിന്നെ മററു കള്ളക്കടത്തുകാരെയും. പാകിസ്ഥാനിലെ ഈ മയക്കമരുന്നു വ്യാപാരത്തെയും അണുബോംബ് നിർമാണശ്രമങ്ങളെയും അമേരിക്ക കണ്ടില്ലെന്നു നടിക്കുന്നതു് പാകിസ്ഥാൻ വഴി റഷ്യയുടെ അയൽരാജ്യമായ അഫ്ഘാനിസ്ഥാനെ അട്ടിമറിക്കാനുള്ള സാദ്ധ്യതകൾ മുൻനിർത്തിയാണെന്നു വ്യാപകമായി വിശ്വസിക്കപ്പെടുന്നു. അതേതായാലും കലങ്ങിമറിഞ്ഞ പാക്-അഫ്ഘാൻ അതിർത്തി ഇപ്പോൾ ലോകത്തിലെ മയക്കമരുന്നു വ്യാപാരത്തിന്റെ മുഖ്യ കേന്ദ്രമായി മാറിയിട്ടുണ്ട്.

ആയത്തൊള്ള ഖൊമൈനിയുടെ മരണത്തെത്തുടർന്ന്, അവിടത്തെ നിയമസഭയുടെ (മജ്‌ലിസ്) സ്പീക്കർ ആയിരുന്ന മി. റഫ്സൻജാനി ഈറാനിലെ പ്രസിഡണ്ടായിട്ടുണ്ടെങ്കിലും ഷിയ മതമൗലികവാദത്തെ ഈറാൻ കൈവിട്ടിട്ടില്ല. അതേ സമയം, റഫ്സൻജാനിയുടെ നേതൃത്വത്തിലുള്ള ഈറാൻ ഗവണ്മെൻറ് അഫ്ഘാനിസ്ഥാനിലെ ജനാധിപത്യഗവണ്മെൻറിനെ അനുകൂലിക്കുമെന്നാണ കരുതേണ്ടതു്. പതിനഞ്ചു ലക്ഷത്തോളം ഷിയ മുസ്ലിങ്ങൾ അഫ്ഘാനിസ്ഥാനിൽനിന്ന് ഈറാനിൽ അഭയം പ്രാപിച്ചിട്ടുണ്ട്. ഇവർക്ക് പാകിസ്ഥാൻ കേന്ദ്രമാക്കി അഫ്ഘാനിസ്ഥാനെ ആക്രമിച്ചുകൊണ്ടിരിക്കുന്ന മുജാഹിദീൻ ഗോത്രത്തലവന്മാരോട് അനുഭാവമില്ല. അമേരിക്കയോടു കടുത്ത ശത്രുത പുലർത്തുന്ന ഈറാൻ സോവിയററ് യൂനിയനെ ബന്ധുവായാണു കരുതുന്നതു്. അതിനാൽ അഫ്ഘാനിസ്ഥാനിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള സോവിയററ് യൂനിയന്റെ പരിശ്രമങ്ങളെ ഈറാൻ തുണയ്ക്കാനിടയുണ്ട്. ഈറാനും ഇന്ത്യയും

തമ്മിലും സൗഹാർദബന്ധമാണുള്ളത്. അഫ്ഘാനിസ്ഥാനിൽ ജനാധിപത്യവും സമാധാനവും സാദ്ധ്യമെങ്കിൽ സോഷ്യലിസവും പുലർന്നു കാണാനാണല്ലൊ ഇന്ത്യയുടെ ആഗ്രഹം. അഫ്ഘാനിസ്ഥാനിലെ കലാപകാരികൾക്ക് സൈനികസഹായവും അഭയവും നൽകുന്നത് പാകിസ്ഥാനും ആയുധങ്ങൾ നൽകുന്നത് അമേരിക്കയും പണം കൊടുക്കുന്നത് സൗദിഅറേബ്യയുമാണ്. സൗദിഅറേബ്യയോടുള്ള വിരോധംകൊണ്ട് അറബ് രാഷ്ട്രങ്ങളായ ലിബിയയും സിറിയയും ഇറാനോടു ചേർന്ന് നിലകൊള്ളുന്നു. ഈ ചുററുപാടിൽ പാകിസ്ഥാനിലൂടെ അഫ്ഘാനിസ്ഥാനിൽ ഇടപെടുന്നതിൽനിന്ന് അമേരിക്കയെ തടയുവാൻ സോവിയററ്യൂനിയൻ, ഇറാൻ, ഇന്ത്യ, സിറിയ, ലിബിയ മുതലായ രാഷ്ട്രങ്ങളുടെ സഹായത്തോടെ അന്താരാഷ്ട്രീയതലത്തിൽ നടന്നുവരുന്ന പരിശ്രമങ്ങൾ വിജയിക്കുന്നപക്ഷം അഫ്ഘാനിസ്ഥാനിൽ ജനാധിപത്യാധിഷ്ഠിതമായ സമാധാനം തിരിച്ചുവന്നുകൂടായ്കയില്ല. പാകിസ്ഥാൻ പ്രസിഡണ്ട് എന്ന പദവിയിൽ തുടരുന്നതിന് അമേരിക്കയുടെയും പാകിസ്ഥാനിലെതന്നെ സേനയുടെയും സഹായംകൂടാതെ സാദ്ധ്യമല്ലെന്നതാണ് മദാം ബേനസീർ ഭുട്ടോവിൻെറ നില. അതിനാൽ, അഫ്ഘാനിസ്ഥാനിൽ സമാധാനപുനഃസ്ഥാപനത്തിന് തടസ്സമല്ലാതെ സഹായം പാകിസ്ഥാനിൽനിന്ന് ഇപ്പോൾ പ്രതീക്ഷിക്കേണ്ടതില്ല.

11 ആഗസ്റ്റ്, 1989

# 30. ഇസ്ലാമാബാദിലെ സാർക് ഉച്ചകോടി സമ്മേളനം

ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, മാലദ്വീപ് എന്നീ ഏഴു രാഷ്ട്രങ്ങളിലെ തലവന്മാർ ചേർന്ന് 1985-ൽ രൂപവൽക്കരിച്ച ദക്ഷിണ-ഏഷ്യൻ പ്രാദേശിക സഹകരണ സംഘടനയുടെ (സൗത്ത് ഏഷ്യൻ അസോസിയേഷൻ ഫോർ റീജിയണൽ കോ-ഓപ്പറേഷൻ-സാർക്) നാലാം ഉച്ചകോടിസമ്മേളനം 1988 ഡിസംബർ 29, 30, 31 തീയതികളിൽ ഇസ്ലാമാബാദിൽ നടന്നു. ഇന്ത്യയിലെയും പാകിസ്ഥാനിലെയും പ്രധാനമന്ത്രിമാർ, ബംഗ്ലാദേശ്, ശ്രീലങ്ക, മാലദ്വീപ് എന്നീ രാജ്യങ്ങളിലെ പ്രസിഡണ്ടുമാർ, നേപ്പാളിലെയും ഭൂട്ടാനിലെയും രാജാക്കന്മാർ എന്നിവർ അതാതു രാജ്യങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരോടൊപ്പം ഈ സമ്മേളനത്തിൽ സന്നിഹിതരായി പരസ്പരം ആശയങ്ങൾ കൈമാറുകയും ഈ പ്രദേശത്തിൻെറ പൊതുവായ സാമ്പത്തിക-സാമൂഹ്യ പുരോഗതിക്ക കൈക്കൊള്ളേണ്ട ഹ്രസ്വകാല-ദീർഘകാല നടപടികളെപ്പററി ചർച്ചകൾ നടത്തുകയുംചെയ്തു.

ബ്രിട്ടീഷ് ആധിപത്യകാലത്തു കറെ ഇടയ്ക്കെങ്കിലും ഇന്ത്യയുടെ ഭാഗങ്ങളായി കരുതപ്പെടുകയോ ഭരണപരമായി ഇന്ത്യയോടു ബന്ധപ്പെടുകയോ ചെയ്തിരുന്ന ഈ രാജ്യങ്ങളിലെ പരമദരിദ്രരായ ജനങ്ങളുടെ സാമ്പത്തികപുരോഗതി കലവറയില്ലാത്ത പരസ്പര സഹകരണത്തിലൂടെ മാത്രമെ കൈവരു എന്ന ദൃഢബോധത്തിൻെറ ഫലമായാണ്, ഇന്ത്യയുടെ മുൻകൈയിനെത്തുടന്ന് 1985-ൽ ബംഗ്ലാദേശിൻെറ പ്രസിഡണ്ട് എർഷദിൻെറ അദ്ധ്യക്ഷതയിൽ ഡാക്കയിൽ സാർക് സംഘടനയുടെ പ്രഥമയോഗം ചേർന്നതും, സംഘടനയുടെ ലക്ഷ്യങ്ങൾ, സ്വരൂപം, സാമ്പത്തിക സംവിധാനം, പ്രവർത്തനരീതി മുതലായവ വിവരിക്കുന്ന 'സാർക് ചാർട്ടർ' അംഗീകരിച്ചതും. അംഗങ്ങൾക്കിടയിൽ രണ്ടു രാഷ്ട്രങ്ങളെ മാത്രം ബാധിക്കുന്നവയും സർവസമ്മതമില്ലാത്തവയുമായ പ്രശ്നങ്ങൾ സാർക് സമ്മേളനത്തിൽ അവതരിപ്പിക്കുകയില്ല എന്നും അന്നു തീരുമാനിച്ചു.